**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **11-09-2023 - ൽ മറുപടിയ്ക്ക്**

**വടകരയിലെ റവന്യൂ ടവർ നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വടകരയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായുള്ള പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്തത് എന്നാണ് എന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വടകര റവന്യൂ ടവർ ഉൾപ്പെടെയുള്ള റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ 31.08.2018 തീയതിയിലെ സ.ഉ (സാധാ) നം. 3570/2018/റവ നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.</td></tr>
<tr><td>(ബി)</td><td>റവന്യൂ ടവർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റും ഡ്രോയിങ്ങുകളും ഉൾപ്പെടെയുള്ള ഡോക്യുമെന്റ്സ് ആദ്യമായി ബോർഡ് കിഫ്ബിക്ക് സമർപ്പിച്ചത് എന്നാണെന്നും ഇതിൽ എന്തൊക്കെ റെക്റ്റിഫിക്കേഷനുകളും കൂട്ടിച്ചേർക്കലുകളുമാണ് അന്ന് കിഫ്ബി ആവശ്യപ്പെട്ടതെന്നും ഇവ ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബി ഡോക്യുമെന്റ് മടക്കിയത് എന്നാണെന്നുമുള്ള വിശദാംശം അറിയിക്കുമോ;</td><td>(ബി)</td><td>പ്രസ്തുത റവന്യൂ ടവർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റും ഡ്രോയിങ്ങുകളും ഉൾപ്പെടെയുള്ള ഡോക്യുമെന്റ്സ് ആദ്യമായി ബോർഡ് 26/11/2021 തീയതിയിലാണ് കിഫ്ബി പോർട്ടൽ മുഖേന കിഫ്ബിക്ക് സമർപ്പിച്ചത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ലേ-ഔട്ട്, ഡ്രോയിംഗ്സ്, ഡിസൈൻ, എസ്റ്റിമേറ്റ്, സ്ഥല വിന്യാസം തുടങ്ങിയ പരാമർശങ്ങളടങ്ങിയ 185 ക്വറികളാണ് കിഫ്ബി ഉന്നയിച്ച് 31.01.2022 തീയതിയിൽ ബോർഡിന് മടക്കുകയുണ്ടായത്.</td></tr>
<tr><td>(സി)</td><td>ഇതിനുശേഷം എത്ര തവണയാണ് തിരുത്തൽ വരുത്തിയ ഡോക്യുമെന്റുകൾ സമർപ്പിക്കുകയും വീണ്ടും തിരുത്താൻ ആവശ്യപ്പെട്ട് മടക്കുകയും ചെയ്തിട്ടുള്ളത്; ഓരോ തവണയും സമർപ്പിച്ച തീയതിയും മടക്കിയ തീയതിയും അറിയിക്കുമോ;</td><td>(സി)</td><td>പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കിഫ്ബി 31.01.2022 തീയതിയിൽ ഡോക്യുമെന്റ്സ് മടക്കിയതിനെത്തുടർന്ന് തിരുത്തൽ വരുത്തിയ ഡോക്യുമെന്റുകൾ സമർപ്പിക്കുകയും വീണ്ടും തിരുത്താൻ ആവശ്യപ്പെട്ട് മടക്കുകയും ചെയ്ത തീയതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</td></tr>
</table>

| **കിഫ്ബിക്ക് ബോർഡ് സമർപ്പിച്ച തീയതി** | **കിഫ്ബി മടക്കിയ തീയതി** |
|---|---|
| 30.03.2022 | 16.04.2022 |
| 21.05.2022 | 24.05.2022 |
| 23.06.2022 | 21.07.2022 |
| 03.12.2022 | 21.12.2022 |

| | | | |
|---|---|---|---|
| | | | <table><tr><td>04.01.2023</td><td>17.01.2023</td></tr><tr><td>17.01.2023</td><td>25.01.2023</td></tr><tr><td>02.02.2023</td><td>22.06.2023</td></tr><tr><td>16.08.2023</td><td>നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്.</td></tr></table> |
| (ഡി) | ഏറ്റവും ഒടുവിൽ റെക്റ്റിഫിക്കേഷൻ ആവശ്യപ്പെട്ട് കിഫ്ബി ഡോക്യുമെന്റുകൾ മടക്കിയത് എന്നാണെന്നും എന്തൊക്കെ റെക്റ്റിഫിക്കേഷനുകളാണ് കിഫ്ബി ഇതിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ; | (ഡി) | ഏറ്റവും ഒടുവിൽ കിഫ്ബി പോർട്ടൽ മുഖേന ഡോക്യുമെന്റുകൾ മടക്കിയത് 22/06/2023 തീയതിയിൽ ആണ്. ഡ്രോയിംഗ്, ഡിസൈൻ സംബന്ധിച്ചും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് സംബന്ധിച്ചുമുള്ള റെകിറ്റിഫിക്കേഷനുകളാണ് ആവശ്യപ്പെട്ടിരുന്നത്. |
| (ഇ) | കിഫ്ബി ആവശ്യപ്പെട്ടിട്ടുള്ളവയിൽ ഭവന നിർമ്മാണ ബോർഡിന് തിരുത്തലുകൾ വരുത്താൻ കഴിയാത്ത എതെങ്കിലും റെക്റ്റിഫിക്കേഷനുകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ റെക്റ്റിഫിക്കേഷനുകൾ വരുത്തി ഡോക്യുമെന്റുകൾ എന്നത്തേക്ക് കിഫ്ബിക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഇ) | കിഫ്ബി ആവശ്യപ്പെട്ടിട്ടുള്ളവയിൽ ഭവന നിർമ്മാണ ബോർഡിന് തിരുത്തലുകൾ വരുത്താൻ കഴിയാത്ത റെക്റ്റിഫിക്കേഷനുകൾ ഉൾപ്പെട്ടിട്ടില്ല. ഡിസൈനും ഡ്രായിംഗുകളും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസും സംബന്ധിച്ച റെക്റ്റിഫിക്കേഷൻ വരുത്തി ഡോക്യുമെന്റുകൾ 16.08.2023 തീയതിയിൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ